ശാസ്ത്രിനഗർ ഡ്രെയിനേജ് പദ്ധതി

125 [330] ശ്രീ. പി. വിജയദാസ്:

,, കെ. ശങ്കരനാരായണപിള്ള:

,, കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിലെ ശാസ്ത്രിനഗറിൽ ഡ്രെയിനേജ് പദ്ധതിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഇതിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയത്;

(സി) ഇത് നടപ്പിലാക്കാൻ കാലതാമസം നേരിട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇരുന്നൂറോളം കുടുംബങ്ങൾ താമസിക്കുന്ന ഈ ഹൗസിംഗ് കോളനിയിലുള്ള ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ ഇതുവരെ അനുമതി നൽകിയിട്ടില്ല.

(ബി) 1981-ൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി.

(സി) അനുമതി നൽകിയിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടും മുൻഗണനാക്രമം പരിഗണിച്ചും നടത്താവുന്നതാണ്.

ദുർബല ജനവിഭാഗങ്ങൾ

126 [331] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിക്കുന്ന ദുർബലരുടെ ലിസ്റ്റ് സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ എത്ര കുടുംബങ്ങളാണ് ഉള്ളത്;

(സി) ഇവരെ ഉയർത്തികൊണ്ടു വരുന്നതിന് നടത്താനുദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയാണ്; ലിസ്റ്റിലുള്ള മുഴുവൻ കുടുംബങ്ങളേയും ഒരേസമയം ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ, ബി) 1985-86-ൽ ഐ.ആർ.ഡി.പി. ധനസഹായം നൽകാൻ അർഹതയുള്ളവരെ കണ്ടെത്താൻ ഒരു സർവ്വെ നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപ്രദേശത്തുള്ളവരുടെ ലിസ്റ്റ് ബ്ലോക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഈ ലിസ്റ്റിൽ 15.70 ലക്ഷം കുടുംബങ്ങളാണുള്ളത്.

(സി) വിവിധ തൊഴിൽ സംരംഭങ്ങൾക്കായി ദരിദ്രരിൽ ദരിദ്രരായവർക്ക് മുൻഗണന നൽകി ഐ.ആർ.ഡി.പി. വഴിയുള്ള സഹായം ഘട്ടംഘട്ടമായി നൽകാനാണ് ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly